## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3856** 31.01.2014- ലെ മറുപടിക്ക്

### വിവാഹ വായ്പാ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) നിർദ്ധനരായ യുവതികളുടെ വിവാഹം നടത്തുന്നതിന്, സഹകരണ വകുപ്പ് ഏതെങ്കിലും വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | എ) സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് മംഗല്യസൂത്രവായ്പ എന്ന പേരിൽ ഒരു വായ്പാ പദ്ധതി സഹകരണ വകുപ്പ് നടപ്പിലാക്കിയിരുന്നു. ഇതിനുപുറമെ ഈ പദ്ധതി പ്രകാരം വായ്പ നൽകുന്നതിനായി സംസ്ഥാന തലത്തിൽ കേരള സംസ്ഥാന മംഗല്യസൂത്ര സഹകരണ സംഘം ക്ലിപ്തം നമ്പർ 4453 എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |
| ബി) എങ്കിൽ പ്രസ്തുത വായ്പ ലഭിക്കുവാനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ ? | ബി) നിർദ്ധനരായ മാതാപിതാക്കളുടെ അപേക്ഷയിൻമേൽ അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് പരമാവധി 25,000/- രൂപാവരെ 4% പലിശ നിരക്കിൽ ഈട് വാങ്ങാതെ ഹ്രസ്വകാല വായ്പകൾ സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് നല്കാവുന്നതാണ്. കേരള സംസ്ഥാന മംഗല്യസൂത്ര സഹകരണ സംഘം 60 മാസക്കാലാവധിയുള്ള വായ്പകളാണ് നൽകുന്നത്. വായ്പയ്ക്ക് വിവാഹം സംബന്ധിച്ച രേഖകൾ (കല്യാണക്കുറി) സഹിതം സംഘത്തിൽ/ബാങ്കിൽ അപേക്ഷ നല്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ